## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.93        09-06-2014-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്.

### മദ്യപാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ബോധവത്കരണ പരിപാടികൾ

| ചോദ്യം: ശ്രീ. ചിറ്റയം ഗോപകുമാർ: | ഉത്തരം: ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
|---|---|
| (എ) മദ്യപാനംമൂലമുണ്ടാകുന്ന ആരോഗ്യവും മറ്റ് സാമൂഹ്യപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതു സമൂഹത്തെ ബോധവത്കരിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്നറിയിക്കുമോ; | (എ) മദ്യപാനം മൂലമുണ്ടാകുന്ന ആരോഗ്യവും മറ്റ് സാമൂഹ്യപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതു സമൂഹത്തെ ബോധവത്കരിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി., മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവേ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിലും, കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സി.യു.ജി. അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 376 മൊബൈൽ സിം കാർഡിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംഗ് ടോണായി പ്രചരിപ്പിച്ചു വരുന്നു. അട്ടപ്പാടിയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തമാക്കുന്നതിനായി, ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ "ജനമൈത്രി എക്സൈസ്" രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാരിന്റെ കാലത്ത് അതു മായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരം ചെലവു സഹിതം ജില്ലാടിസ്ഥാനത്തിലുള്ളവ വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ; | (ബി) | 2011-12 സാമ്പത്തിക വർഷം മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് "2039-00-001-95 മദ്യാസ ക്തിക്കെതിരെ പ്രചാരണം" എന്ന ശീർഷക ത്തിൽ അനുവദിച്ച 1 കോടി 20 ലക്ഷം രൂപയിൽ നിന്നും 1,19,27,247/- രൂപയും, 2012-13 സാമ്പത്തിക വർഷം അനുവദിച്ച 90 ലക്ഷം രൂപയിൽ നിന്നും 89,41,085/- രൂപയും, 2013-14 സാമ്പത്തിക വർഷം അനുവദിച്ച 75,20,000/- രൂപയിൽ നിന്നും 73,38,852/- രൂപയും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ജില്ലാടിസ്ഥാനത്തിലുള്ള ചെലവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് വകുപ്പ് പുതിയതായി എന്തെങ്കിലും പരിപാടി കൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ണ്ടോ; എങ്കിൽ ആയവയുടെ വിശ ദാംശം വെളിപ്പെടുത്തുമോ; | (സി) | 2014-15 സാമ്പത്തിക വർഷം ബോധ വൽക്കരണ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പോസ്റ്റർ പ്രദർ ശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണക്ലാസ്, കൂട്ടഓട്ടം, സെമി നാർ, ലഘുലേഖ വിതരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തന ങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്ക രണ പരിപാടികൾ, കെ.എസ്.ആർ.റ്റി.സി., റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ ബോധ വൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്ക രണം, സംസ്ഥാന തലത്തിൽ ബോധവൽക്ക രണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തു ന്നതിന് 150 എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലന ക്ലാസ് എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | ഇത്തരം ക്യാമ്പയിനുകൾ പ്രയോജന പ്രദമാണോ എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഫലപ്രദമാണ്. |

സെക്ഷൻ ആഫീസർ

## District Fund for Expense in 2011-12

## Seminars & other Awareness Programmes and Five awareness Board in Each Divisions

| Sl. No | Division | Amount Allotted and Expenditure |
|---|---|---|
| 1. | Thiruvananthapuram | 1,00,000 + 77500 |
| 2. | Kollam | 1,00,000 + 77500 |
| 3. | Pathanamthitta | 1,00,000+ 77500 |
| 4. | Alappuzha | 1,00,000+ 77500 |
| 5 | Kottayam | 1,00,000+ 77500 |
| 6 | Idukki | 1,00,000+ 77500 |
| 7 | Ernakulam | 1,00,000+ 77500 |
| 8 | Thrissur | 1,00,000+ 77500 |
| 9 | Palakkad | 1,00,000+ 77500 |
| 10 | Malappuram | 1,00,000+ 77500 |
| 11 | Kozhikkode | 1,00,000+ 77500 |
| 12 | Wayanad | 1,00,000+ 77500 |
| 13 | Kannur | 1,00,000+ 77500 |
| 14 | Kasaragod | 1,00,000+ 77500 |
| | **TOTAL** | **24,85,000** |

Section officer

## District Fund for Expense in 2012-13

**HEAD – OF- ACCOUNT : 2039-00-001-95 "CAMPAIGN AGAINST ALCOHOLISM"**

| Sl. No | Division | Amount Allotted and Expenditure |
|---|---|---|
| 1. | Thiruvananthapuram | 2,42,019 |
| 2. | Kollam | 1,90,934 |
| 3. | Pathanamthitta | 1,20,000 |
| 4. | Alappuzha | 1,21,978 |
| 5 | Kottayam | 2,38,950 |
| 6 | Idukki | 2,13,185 |
| 7 | Ernakulam | 3,02,039 |
| 8 | Thrissur | 2,62,099 |
| 9 | Palakkad | 1,17,000 |
| 10 | Malappuram | 2,34,394 |
| 11 | Kozhikkode | 1,57,238 |
| 12 | Wayanad | 1,14,660 |
| 13 | Kannur | 2,84,134 |
| 14 | Kasaragod | 1,44,409 |
| | **TOTAL** | **27,43,039** |

## District Fund for Expense in 2013-14

**HEAD – OF- ACCOUNT : 2039-00-001-95 "CAMPAIGN AGAINST ALCOHOLISM"**

| Sl. No | Division | Amount Allotted and Expenditure |
|---|---|---|
| 1. | Thiruvananthapuram | 2,13,000 |
| 2. | Kollam | 25,000 |
| 3. | Pathanamthitta | 25,000 |
| 4. | Alappuzha | 25,000 |
| 5 | Kottayam | 25,000 |
| 6 | Idukki | 25,000 |
| 7 | Ernakulam | 25,000 |
| 8 | Thrissur | 2,76,663 |
| 9. | Palakkad | 25,000 |
| 10 | Malappuram | 25,000 |
| 11 | Kozhikkode | 75,000 |
| 12 | Wayanad | 25,000 |
| 13 | Kannur | 25,000 |
| 14 | Kasaragod | 25,000 |
| | **TOTAL** | **8,39,663** |

Section Head